**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4998** **11-08-2021 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഹൗസ് സർജൻസി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഹൗസ് സർജൻസി ആരംഭിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഹൗസ് സർജൻസി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇല്ലെങ്കിൽ ഹൗസ് സർജൻസി ആരംഭിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ സജ്ജീകരിക്കാൻ നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ? | (എ) | ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ജില്ലാ ജനറൽ ആശുപത്രികളിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ മാനദണ്ഡ പ്രകാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് വേണ്ടി ഇൻസ്പെക്ഷൻ നടത്തുന്നതിന് ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന് അനുവാദം നൽകിയിട്ടുണ്ട്. നിലവിൽ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ (എം.സി.ഐ) അംഗീകാരം ഇല്ലാത്തതും എന്നാൽ ആവശ്യമായ ഫാക്കൽറ്റികളും സൗകര്യങ്ങളും ഉള്ളതുമായ ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ രണ്ടാം ഘട്ട പരിശോധന നടത്തി യോഗ്യമായ സ്ഥാപനങ്ങൾക്ക്എം.സി.ഐ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പ്രസ്തുത നടപടി പൂർത്തിയായാൽ മാത്രമേ ഹൗസ് സർജൻസി ആരംഭിക്കുന്ന കാര്യം പരിഗണിക്കാൻ കഴിയൂ. |

സെക്ഷൻ ഓഫീസർ